**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 903** **26-07-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ നിന്നുള്ള പട്ടയ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷക്കാലം പട്ടയത്തിനു വേണ്ടി ആലത്തൂർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചിട്ടുണ്ട്; വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | 123 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 75 അപേക്ഷകളിൽ പട്ടയം അനുവദിച്ചിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്കുകൾ താഴെ പറയും പ്രകാരമാണ്. 1. ആലത്തൂർ - 9 2. എരിമയൂർ-1 - 11 3. വണ്ടാഴി-1 - 34 4. വണ്ടാഴി-2 - 5 5. മംഗലംഡാം - 14 (കെ.എസ്.റ്റി.പട്ടയം) 6. കിഴക്കഞ്ചേരി-1 - 2 (ലാൻഡ് ബാങ്ക് പട്ടയം) |
| (ബി) | ഇനി എത്ര അപേക്ഷകളിൽ പട്ടയം നൽകുവാനുണ്ടെന്നും പട്ടയ വിതരണം വൈകുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ; | (ബി) | ഇനി 48 അപേക്ഷകളിൽ പട്ടയം നൽകാനുണ്ട്. കൊവിഡ് 19 പ്രതിസന്ധി മൂലം അനുവാദ പത്രിക തയ്യാറാക്കുന്നതിനും കക്ഷികളെ വിചാരണ നടത്തുന്നതിനും കഴിയാത്തതുകൊണ്ടാണ് പട്ടയവിതരണം വൈകുന്നത് . |
| (സി) | മുഴുവൻ അപേക്ഷകളിലും പട്ടയം ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | അപേക്ഷകരിൽ പലരും കൈമാറ്റം വഴി ലഭിച്ച സ്ഥലമാണ് കൈവശം വച്ച് വരുന്നത്. മുൻ കൈവശക്കാർക്ക് പലർക്കും തൽസമയത്ത് തന്നെ പട്ടയം വിതരണം ചെയ്തിട്ടുള്ളതാണ് . ആയത് റദ്ദ് ചെയ്ത് പുതിയ അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ